# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6129.

**07-11-2016 ൽ മറുപടിയ്ക്ക്**

## കൃഷിവകുപ്പിനു കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃഷിവകുപ്പിനു കീഴിൽ നടപ്പാക്കിവരുന്ന കേന്ദ്ര/സംസ്ഥാന കാർഷിക പദ്ധതികൾ ഏതെല്ലാമെന്നും ഇവയ്ക്ക് ഓരോന്നിനും ലഭ്യമായ കേന്ദ്രസഹായവും സംസ്ഥാന ഫണ്ടും എത്രയെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന കേന്ദ്ര പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും നോൺപ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മറ്റ് ക്ഷേമ പദ്ധതികളുടെയും വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓരോ പദ്ധതിയ്ക്കും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയാണ് വിനിയോഗിക്കുന്നത്. ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. എന്നാൽ കേന്ദ്ര പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഓരോ പദ്ധതിയ്ക്കും കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാർ ലഭ്യമാക്കുന്നത്. നടപ്പ സാമ്പത്തിക വർഷം കേന്ദ്ര പദ്ധതികൾക്ക് ലഭ്യമായ സഹായവും സംസ്ഥാന ഫണ്ടും ചുവടെ ചേർക്കുന്നു.<br><br><u>1.കൃഷി ഉന്നതി യോജന (അംബ്രല്ലസ്കീം)</u><br><u>60% കേന്ദ്രാവിഷ്കൃതം - ആത്മ പദ്ധതി</u><br>ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം - 2000 ലക്ഷം രൂപ.<br>കേന്ദ്ര വിഹിതം - 3000 ലക്ഷം രൂപ.<br>ലഭ്യമായ കേന്ദ്രസഹായം -503.74 ലക്ഷം രൂപ.<br>സംസ്ഥാന സഹായം - 335.82 ലക്ഷം രൂപ.<br><u>2.കൃഷി ഉന്നതിയോജന (അംബ്രലാ സ് കീം )</u><br><u>60% കേന്ദ്രാവിഷ്കൃതം - മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികൾ</u><br>* വൃഷ്ടി പ്രദേശ വികസനം. |

* മണ്ണ് ആരോഗ്യ പരിപാലനം.
* സോയിൽ ഹെൽത്ത് കാർഡ്.
* ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ.
* നാഷണൽ ഹോർട്ടിക്കൾച്ചർമിഷൻ.
* കാർഷിക യന്ത്ര വത്ക്കരണം.
* വിത്തും നടീൽ വസ്തുക്കളുടേയും ഉപ - മിഷൻ.
* ഓർഗാനിക് ഫാമിംഗ് ( പരമ്പരാഗത കൃഷി വികാസ് യോജന(പി.കെ.വി.വൈ. )
*പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന ( പി.എം.കെ.എസ്.വൈ. )
*നാളികേര വികസന ബോർഡ് പദ്ധതി- പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം.
* രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി.
* നാഷണൽ ഇ - ഗവേണൻസ് പദ്ധതി. (എൻ.ഇ.ജി.പി.എ. )
* ദേശീയ ബയോഗ്യാസ് പദ്ധതി.

പ്രസ്തുത പദ്ധതികളിൽ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ, ഓർഗാനിക് ഫാമിംഗ് പി.കെ.വി.വൈ., എൻ.ഇ.ജി.പി.എ. എന്നീ പദ്ധതികൾക്ക് 2015-16 കാലയളവിൽ [redacted] നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുന്നത്. 2016-17 ൽ കാർഷിക യന്ത്രവൽക്കരണം, നാഷണൽ ഹോർട്ടിക്കൾച്ചർമിഷൻ, ആർ.കെ.വി.വൈ എന്നീ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | കേന്ദ്ര വിഹിതം. (രൂപ ലക്ഷത്തിൽ ) | സംസ്ഥാന വിഹിതം. (രൂപ ലക്ഷത്തിൽ ) |
|---|---|---|
| ആർ.കെ.വി.വൈ. | 78.86 | 52.57 |
| ദേശീയ ഭക്ഷ്യ സുരക്ഷ മിഷൻ. | 101.25 | 24.6 |
| നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ. | 1000 | 666.67 |
| ഓർഗാനിക് ഫാമിംഗ് (പി.കെ. വി.വൈ. ). | 382.22 | 254.813 |
| കാർഷിക യന്ത്രവൽക്കരണം. | 100 | 66.67 |
| എൻ.ഇ.ജി.പി.എ. | 231.176 | 116.93 |

| | | | |
|---|---|---|---|
| | | | നാഷണൽ ബയോഗ്യാസ് പദ്ധതി റീ ഇംപ്ലിമെന്റ് സ്കീം ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുകയാണ് വിനിയോഗിക്കുന്നത്. 2016-17-ൽ പദ്ധതിയ്ക്കായി വകയിരുത്തിയ തുക 385 ലക്ഷം രൂപയാണ്. |
| (ബി) | ഇവയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര കൃഷിവകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും എത്ര പേർ താൽക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | കൃഷി വകുപ്പിൽ ജില്ലാ തലത്തിൽ 28 ജോയിന്റ് ഡയറക്ടർമാരും കൂടാതെ ഡെപ്യൂട്ടി ഡയറക്ടർ -112, അസിസ്റ്റന്റ് ഡയറക്ടർ - 210, കൃഷി ആഫീസർ - 1171, കൃഷി അസിസ്റ്റന്റ് 3071 എന്നിങ്ങനെ അനുവദനീയ തസ്തികകളിൽ ഉദ്യോഗസ്ഥർ ഉണ്ട്. താൽക്കാലിക കോൺട്രാക്റ്റ് ജീവനക്കാർ വിവിധ പദ്ധതികളുടെ ഭാഗമായി 1393 പേർ ഈ വകുപ്പിൽ ജോലി ചെയ്തുവരുന്നു. |
| (സി) | ഇവരിൽ 5 വർഷത്തിൽ കൂടുതലായി ജോലിചെയ്യുന്ന താൽക്കാലിക/ദിവസ വേതന ജീവനക്കാർ എത്ര പേരുണ്ടെന്ന് അറിയിക്കാമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്